"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊല്ലം, കൊട്ടാരക്കര താലൂക്കിലെ, കരിപ്ര വില്ലേജിൽ ബ്ലോക്ക് 6-ൽ സർവ്വേ നമ്പർ 292/2-ൽപ്പെട്ട 0.74 ആർ പുറമ്പോക്ക് ഭൂമി സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന്, പ്രതിവർഷം 8303/- രൂപ (എണ്ണായിരത്തി മുന്നൂറ്റി മൂന്ന് രൂപ മാത്രം) നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി കരിപ്ര ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.354/2025/RD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-
1. കരിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/03/2023 ലെ അപേക്ഷ.
2. കൊല്ലം ജില്ലാ കളക്ടറുടെ 10/06/2024-ലെ DCKLM/6387/2022-L15 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01/10/2024-ലെ LR/7929/2024-LR(J9) നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കരീപ്ര വില്ലേജിൽ ബ്ലോക്ക് 6 ൽ സർവ്വേ 292/2 ൽ പ്പെട്ട 02.70 ആർ പുറമ്പോക്ക് ഭൂമി പഞ്ചായത്തിന് സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് ലീസിന് അനുവദിക്കുന്നതിനായി കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

**2.** കരിപ്ര വില്ലേജിലെ, ബ്ലോക്ക് 6 ൽ സർവ്വേ 292/2 പ്പെട്ട 02.70 ആർ സ്ഥലം കുഴിമതിക്കാട് ആറ്റുമറിക്കട റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതായും, സ്ഥലത്തിന്റെ കിഴക്ക് ഭാഗത്തുള്ള കുണ്ടറ നെടുമൺകാവ് പി.ഡബ്ല്യുഡി റോഡിന്റെ അതിർത്തിയിൽ നിന്നും 3 മീറ്റർ കഴിഞ്ഞുള്ള സ്ഥലം റോഡിന്റെ ഭാവി വികസനത്തിന് ആവശ്യമില്ലെന്ന് പി.ഡബ്ല്യു.ഡി വകുപ്പിൽ നിന്നും അറിയിച്ചതായും, ആയതിനാൽ റോഡ് വികസനത്തിനായി മാറ്റിവച്ച സ്ഥലം കഴിച്ച് കൊല്ലം, കൊട്ടാരക്കര താലൂക്കിലെ, കരിപ്ര വില്ലേജിൽ ബ്ലോക്ക് 6-ൽ സർവ്വേ നമ്പർ 292/2-ൽപ്പെട്ട 0.74 ആർ പുറമ്പോക്ക് ഭൂമി സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന്, പ്രതിവർഷം 8,303/- രൂപ നിരക്കിൽ കരിപ്ര ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് അനുവദിക്കാമെന്ന് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും പരാമർശം (2)&(3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ മേൽ ആവശ്യം വിശദമായി പരിശോധിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കൊല്ലം, കൊട്ടാരക്കര താലൂക്കിലെ, കരിപ്ര വില്ലേജിൽ ബ്ലോക്ക് 6-ൽ സർവ്വേ നമ്പർ 292/2-ൽപ്പെട്ട 0.74 ആർ പുറമ്പോക്ക് ഭൂമി കമ്പോളവിലയുടെ 2.5% നിരക്കിൽ പ്രതിവർഷം 8,303/- രൂപ (എണ്ണായിരത്തി മുന്നൂറ്റിമൂന്ന് രൂപ മാത്രം) നിരക്കിൽ പാട്ടത്തിന് 10 വർഷത്തേക്ക് കരിപ്ര ഗ്രാമപഞ്ചായത്തിന് സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് ചുവടെ ചേർത്ത വ്യവസ്ഥകൾ പ്രകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

2) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

3) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ , ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

4) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്ത് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്.

5) ഭൂമിയിലെ മരങ്ങൾ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളൂ. മുറിക്കുന്ന മരങ്ങളുടെ ചട്ടപ്രകാരം നിശ്ചയിക്കുന്ന വില പാട്ട കക്ഷി ഒടുക്കി വരുത്തേണ്ടതാണ്. കൂടാതെ സ്ഥല ലഭ്യത കൂടി കണക്കിലെടുത്ത് മുറിക്കുന്നതിന്റെ ആനുപാതികമായുള്ള വൃക്ഷതൈകൾ വച്ച് പരിപാലിക്കേണ്ടതാണ്.

6) മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കേണ്ടതാണ്.

7) മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ് .

8) പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നഷ്ടപരിഹാരം കൂടാതെ സർക്കാരിന് തിരികെ നൽകേണ്ടതാണ് .

9) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ കൊല്ലം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കരിപ്ര ഗ്രാമപഞ്ചായത്ത്, കൊല്ലം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 30-12-2025 11:30:58
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ